# ശകുന്തളയെന്ന കാര്യസ്ഥ

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

1

വലതുകാൽ പാതിപൊക്കി
ചെരുപ്പിന്റെ വാറഴിക്കുമ്പോൾ
അവൾ തിരിഞ്ഞു നോക്കി:
കാൽവെള്ളയിൽനിന്നും മുള്ളെടുക്കുന്ന
രവിവർമ്മയെ അറിഞ്ഞതും
ഉള്ളിൽ “ശകുന്തളേ” എന്നു വിളിച്ചതും.
അവൾ തലതാഴ്ത്തി കുടുസ്സു-
മുറിയിലേക്ക് പതുക്കെ നടന്നു —
സംസ്കൃതചിത്തനല്ലാത്തതിനാൽ
മഹാകാവ്യമൂലമന്വേഷിച്ച്
വായനശാലയിലെ കൌണ്ടറിൽ
ഐ.ഡി. സ്വയ്പു ചെയ്യാൻ
വരിയിൽ തൂങ്ങിനിന്നു.

2

ഓഡിറ്റോറിയത്തിന്റെ
പുറന്തളത്തിൽ
സിഗററ്റു കൊളുത്തി,
ധൂമവളയങ്ങളുരുട്ടി
മുഖത്തെറിയവേ
വ്യാസം വികസിച്ച
വലയപരമ്പരയിൽ
ചുണ്ടുകൾ കണ്ടു:
അവളുടെ വീതികുറഞ്ഞ കയ്യിൽ
ഭോഗസൌഭാഗ്യത്തിന്റെ ഭാഗ്യരേഖ
ചൂണ്ടുവിരലാൽ അടയാളപ്പെടുത്തി.

3

കോൺഫെറൻസ് മുറിയുടെ നീലച്ചുമർ
ആസ്വാദന നിശ്വാസമിടുമ്പോൾ
ചാടിയെഴുന്നേറ്റോൾ
തലയ്ക്കുമുകളിൽ ഭ്രമണംചെയ്യുന്ന
വണ്ടിനെ നോക്കി ആക്രോശിച്ചു:
“ഈ നികൃഷ്ട ജീവിയെ
ഓടിച്ചടിച്ചു കൊല്ലാൻ
ആരുണ്ടിവിടെ?”

ഞെട്ടിയുണർന്നതും,
ബേക്ക് പേക്കിലെ
തൂണീരത്തിൽനിന്നും
ഒരടി നീളമുള്ള
ലോഹസ്ക്കെയിലെറിഞ്ഞ്
ആ വണ്ടിനെ വീഴ്ത്തിയതും.

ചുഴലിദീനക്കാരിയെപ്പോലെ
ചാടിയോടി അരികിൽ വന്ന്
അവൾ അലറി:
“പ്രാണനാഥാ, നോക്കൂ
ഈ അടയാള മോതിരം!
ഞാൻ ഗർഭിണിയെ-
ന്നങ്ങു മറന്നുവോ?”

അദ്ധ്യക്ഷനു
രാജി കൊടുത്ത്
രമ്യതയിലായി അയാൾ!

4

കുറ്റമെല്ലാം ദുഷ്യന്തന്:
ആയതിനാലല്ലയോ
ദുസ്സൂചനയുടെ ദുസ്സഹത
ദുഷ്ടദുശാസന-
യാദ്യാക്ഷരത്തിൽ

മറവിമാറാപ്പേറ്റി
കവിയുമയാൾക്കു  പേരിട്ടത്!
*********************************************************************************